പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2116 17.12.2012 ൽ മറുപടിക്ക്

## പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) കാസർഗോഡ് ജില്ലയിൽ രാജപുരം എസ്.ഐ യെ രാത്രി സംശയകരമായ സാഹചര്യത്തിൽ തെരുക്കടപ്പുറം പ്രിയദർശിനി കോളനിയിലെ വീട്ടിൽ നിന്നും പിടികൂടിയ സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ)വീട്ടിൽ നിന്നും പിടികൂടിയിട്ടില്ല. എന്നാൽ മേൽ പറയുന്ന സ്ഥലത്ത് സംശയകരമായ സാഹചര്യത്തിൽ കണ്ടു എന്നാരോപിച്ചുകൊണ്ട് രാജപുരം പോലീസ് സ്റ്റേഷൻ എസ്.ഐ ആയ ശ്രീ. രവീന്ദ്രനെ നാട്ടുകാർ തടഞ്ഞ് വയ്ക്കു കയും അദ്ദേഹം യാത്ര ചെയ്തു വന്നിരുന്ന കാറിന് കേടുപാടുകൾ വരുത്തുകയും ചെയ്തതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്; വിശദാം ശങ്ങൾ അറിയിക്കാമോ; | ബി) പ്രസ്തുത ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| സി) പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിൽ മറ്റെന്തെങ്കിലും കേസ്സ് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | സി) രാജപുരം പോലീസ് സ്റ്റേഷനിൽ എസ്.ഐ. ആയി ജോലി ചെയ്തുവരവെ 6.9.2012 തീയതി ശശിധരൻ, കോളിച്ചാൽ, പനത്തടി എന്നയാളുടെ പരാതി പ്രകാരം ടിയാനെതിരെ രാജപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 286/12 u/s 448, 323 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, പ്രസ്തുത കേസ് ഇപ്പോൾ വെള്ളരിക്കുണ്ട് സി.ഐ അന്വേഷണം നടത്തി വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ